# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1368 — 21.03.2012 ൽ മറുപടിയ്ക്ക്

### കാർഷിക വായ്പ

**ചോദ്യം**

ശ്രീമതി. കെ. എസ്. സലീഖ

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം കാർഷിക മേഖലയിൽ എത്ര കോടി രൂപ വായ്പ നൽകുകയുണ്ടായി; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം, 31.12.2011 വരെ കാർഷികമേഖലയിൽ 1627.19 കോടി രൂപ സഹകരണ മേഖലയിലൂടെ നൽകിയിട്ടുണ്ട്.
ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | തുക കോടിയിൽ | |
|---|---|---|
| ജില്ല | ഹ്രസ്വകാല/ മദ്ധ്യകാല വായ്പ | ദീർഘ കാല വായ്പ |
| തിരുവനന്തപുരം | 106.19 | 0.54 |
| കൊല്ലം | 95.34 | 38.88 |
| ആലപ്പുഴ | 10.92 | 1.8 |
| പത്തനംതിട്ട | 52.45 | 9.92 |
| കോട്ടയം | 142.41 | 15.78 |
| ഇടുക്കി | 110.92 | 40.15 |
| എറണാകുളം | 177.07 | 7.28 |
| തൃശ്ശൂർ | 66.93 | 1.77 |
| പാലക്കാട് | 174.96 | 0.53 |
| മലപ്പുറം | 37.55 | 4.45 |
| കോഴിക്കോട് | 251.65 | 4.02 |
| വയനാട് | 17.66 | 3.57 |
| കണ്ണൂർ | 143.69 | 15.62 |
| കാസർഗോഡ് | 85.95 | 9.19 |
| ആകെ | **1473.69** | **153.5** |

ആകെ 1627.19 കോടി

(ബി) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്താൽ ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപയുടെ കാർഷിക വായ്പകൾ നാളിതുവരെ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നബാർഡിന്റെ സഹായത്താൽ ഈ സർക്കാരിന്റെ കാലത്ത് 2011-12 സാമ്പത്തിക വർഷം 505.83 കോടി രൂപ കാർഷിക വായ്പ നൽകുന്നതിനായി സംസ്ഥാന സഹകരണ ബാങ്ക് വഴി പുനർവായ്പയായി ജില്ലാ സഹകരണ ബാങ്കുകൾക്ക് പരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| **ജില്ല** | **തുക കോടിയിൽ** |
|---|---|
| തിരുവനന്തപുരം | 105.72 |
| കൊല്ലം | 6.85 |
| ആലപ്പുഴ | 30.88 |
| പത്തനംതിട്ട | 27.42 |
| കോട്ടയം | ഇല്ല |
| ഇടുക്കി | 51.47 |
| എറണാകുളം | 58.3 |
| തൃശ്ശൂർ | 32.43 |
| പാലക്കാട് | 99.4 |
| മലപ്പുറം | 15.44 |
| കോഴിക്കോട് | 24.22 |
| വയനാട് | 23.02 |
| കണ്ണൂർ | 14.43 |
| കാസർഗോഡ് | 16.25 |
| **ആകെ** | **505.83** |

ഇതിൽ 446.56 കോടി രൂപ നബാർഡിൽ നിന്നും പുനർവായ്പയായി സംസ്ഥാന സഹകരണ ബാങ്കിന് ലഭിച്ചിട്ടുണ്ട്.

(സി) കർഷകരെ സഹായിക്കുവാൻ സഹകരണ വകുപ്പ് എന്തെങ്കിലും നൂതന ആശയങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

(സി) കർഷകരെ സഹായിക്കുവാൻ സഹകരണ വകുപ്പ് നൂതന ആശയങ്ങൾക്ക് രൂപം നൽകുകയും വിവിധ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു വരുന്നുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾ 7% പലിശയ്ക്ക് നൽകുന്നതിനും നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്ന നിലവിലുള്ള പദ്ധതികൾക്ക് പുറമെ കാർഷിക വായ്പകൾ യഥാസമയം തിരിച്ചടക്കുന്ന കർഷകർക്ക് 5% പലിശ ഇളവ് നൽകുന്നതിനുള്ള നൂതന പദ്ധതിയായ

ഉത്തേജന പാക്കേജ് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ